## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 370** **06.02.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി പ്രതിസന്ധി

ചോദ്യം

ശ്രീ. എം. ചന്ദ്രൻ :

(എ) സംസ്ഥാനത്തുണ്ടാകാൻ പോകുന്ന വൈദ്യുതി പ്രതിസന്ധി മുന്നിൽകണ്ട് പുറമെനിന്നും വൈദ്യുതികൊണ്ടുവരാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിലുള്ള ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2012 ഒക്ടോബർ മുതൽ 2013 മെയ് വരെയുള്ള കാലയളവിലേയ്ക്ക് 650 MW വൈദ്യുതി വ്യാപാരികൾ മുഖേന വാങ്ങുന്നതിന് കരാർ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രാജ്യത്തിന്റെ മറ്റു മേഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയിലുള്ള പരിമിതികൾ കാരണം കരാറിൽ ഏർപ്പെടുന്ന അളവിന്റെ 15% വൈദ്യുതി മാത്രമേ കൊണ്ടുവരുന്നതിന് സാധിക്കുകയുള്ളു. ഇതുകൂടാതെ 140 MW വൈദ്യുതി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ച് മുഖേനയും, ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP,NTPC യുടെ കായംകുളം നിലയം എന്നിവിടങ്ങളിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി ഉപയോഗിച്ചു വരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് സെപ്റ്റംബർ 27- ാം തീയതി മുതൽ രാവിലെ 6 മണിമുതൽ 9 മണിവരെയും, വൈകുന്നേരം 6.30 മുതൽ 10.30 മണിവരെയും, അരമണിക്കൂർ വീതം സൈക്ലിക് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 15.12.2012 മുതൽ ലോഡ് ഷെഡിംഗ് ഇല്ലാത്ത HT/EHT ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം അവരുടെ മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 75 ശതമാനം ആയി നിജപ്പെടുത്തണമെന്നും, ലോഡ് ഷെഡിംഗ്

ഉള്ള HT ഉപഭോക്താക്കൾ, LT-II, LT-IV, LT-VI(A),(B), LT-VII(A), (B)&(C) തുടങ്ങിയ എൽ.റ്റി ഉപഭോക്താക്കളും അവരുടെ ശരാശരി ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 80 ശതമാനം ആക്കി നിജപ്പെടുത്തുത്തണമെന്നും, ഗാർഹിക ഉപഭോക്താക്കൾ അവരുടെ 2 മാസത്തെ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുത്തണമെന്നും റഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണത്തിന് മുകളിലായി കൂടുതൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും വൈദ്യുതിയുടെ നിലവിലുള്ള താരിഫിന് പുറമേ എനർജിചാർജ്ജ് കൂടി പെനാൽറ്റിയായി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതു കൂടാതെ 2013-14 വർഷത്തേയ്ക്ക് ഊർജ്ജം ആവശ്യകത കണക്കിലെടുത്ത് 2013-ജൂൺ മുതൽ 2014 മെയ് വരെയുള്ള കാലയളവിലേയ്ക്ക് 300 മെഗാവാട്ട് വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2013 - നവംബർ മാസം മുതൽ 2014 - ഒക്ടോബർ മാസം വരെയുള്ള കാലയളവിലേയ്ക്ക് വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത കണക്കിലെടുത്ത് 600 മെഗാവാട്ട് വൈദ്യുതി കൊണ്ടു വരുന്നതിന് വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ രാജ്യത്തിന്റെ മറ്റ് ശൃംഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പരിമിതികൾ കാരണം കരാറിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടുവരുന്നതിന് സാധിക്കണമെന്നില്ല. 2014 - മാർച്ച് മുതൽ 300 മെഗാവാട്ട് വൈദ്യുതി മുഴുവൻ സമയത്തേയ്ക്കും, 100 മെഗാവാട്ട് വൈദ്യുതി പീക്ക് സമയത്തേയ്ക്കും case one biding വഴി വാങ്ങുന്നതിനും ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കേന്ദ്രപൂളിൽനിന്നും അധിക വൈദ്യുതി ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ലഭിക്കുമെന്നാണ് | (ബി) | കേന്ദ്ര ഊർജ്ജ മന്ത്രാലയം, കേന്ദ്രവൈദ്യുത പദ്ധതികളിൽ നിന്ന് സംസ്ഥാനങ്ങൾക്ക് നിശ്ചിത ഫോർമുല അടിസ്ഥാനത്തിൽ ഉറപ്പായി വൈദ്യുതി വിഹിതം നൽകാറുണ്ട്. കൂടാതെ സംസ്ഥാനങ്ങളിലെ അടിയന്തിര |

പ്രതീക്ഷിക്കുന്നത്;

സാഹചര്യങ്ങൾ പരിഗണിച്ച് unallocated share -ൽ നിന്നും അപ്പപ്പോൾ വൈദ്യുതി ലഭ്യമാക്കാറുണ്ട്. ഇപ്രകാരം 14.09.2011 മുതൽ കേരളത്തിന് ലഭ്യമായിരുന്ന135 മെഗാവാട്ട് Eastern Region -നിൽ നിന്നുള്ള വൈദ്യുതിയിൽ നിന്നും 100 മെഗാവാട്ട് 28.07.2012 മുതൽ ആന്ധ്രയ്ക്ക് നൽകി വരുന്നു. ഈ വൈദ്യുതി വിഹിതം കേരളത്തിന് പുന:സ്ഥാപിക്കാൻ മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് 16.01.2013 - ലെ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ കേന്ദ്രവൈദ്യുതി വിഹിതം ലഭ്യമാക്കാനായി MP മാർ മുഖേനയും, സർക്കാർതലത്തിലും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുമേൽ സമ്മർദ്ദം ചെലുത്താറുണ്ട്. 12- ാം പദ്ധതി കാലയളവിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും 517 MW ഉറപ്പായ വിഹിതം ലഭ്യമാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

(സി) വൈദ്യുതികൊണ്ടുവരുന്നതിനുള്ള ഇടനാഴികൾ ബുക്കുചെയ്യുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(സി) & (ഡി) ട്രേഡർമാർ മുഖേന കെ.എസ്.ഇ.ബി വൈദ്യുതി വാങ്ങുമ്പോൾ പ്രസരണ ഇടനാഴി ബുക്ക് ചെയ്യുന്നത് ട്രേഡർമാരാണ്. ഇപ്രകാരം പ്രസരണ ഇടനാഴി ബുക്ക് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടില്ല.

**സെക്ഷൻ ഓഫീസർ.**